(ബി) ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) കാസർഗോഡ് ജില്ലയിൽ കിനാനൂർ വില്ലേജിൽ റീസർവ്വേ നമ്പർ 198/പാർട്ട് ഉൾപ്പെടുന്ന 80.9370 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയിലിൽ 25-4-2007 തീയിയിലെ ജി.ഒ.(എം.എസ്.) 54/07/ ഐ.ഡി.നമ്പർ ഉത്തരവുപ്രകാരം ലാറ്ററേറ്റ് ഖനനത്തിലൂടെ ബോക്സൈറ്റ് ഉൽപ്പാദിപ്പിക്കുന്നതിന് മെ.ആശാപുര മൈൻഖേം ലിമിറ്റഡ്, മുംബൈ എന്ന കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും വ്യാപക പരാതിയും പ്രസ്തുത ഭൂമി സീറോ ലാന്റ്ലെസ് സ്കീമിൽ ഉൾപ്പെട്ടതാണെന്ന കാസർഗോഡ് ജില്ലാകളക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് തുടർനടപടികൾ നിർത്തിവച്ചിരിക്കുകയാണ്. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അന്വേഷണം നടന്നുവരുന്നു.

(ഡി) ഉണ്ട്.

(ഇ) കിനാനൂർ-കരിന്തളം പഞ്ചായത്തിൽ ലാറ്ററേറ്റ് ഖനനം ചെയ്യുന്നത് സംബന്ധിച്ച് ആശാപുരം മൈൻഖേം ലിമിറ്റഡിൽ നിന്ന് പൊതുതെളിവെടുപ്പ് നടത്തുന്നതിനുള്ള അപേക്ഷ ലഭിച്ചതിനെ തുർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം ഒരു പൊതു തെളിവെടുപ്പ് 20-1-2015-ന് കിനാനൂർ-കരിന്തളം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനിയുടെ ആവശ്യപ്രകാരം നിയമാനുസൃതമായിട്ടുള്ള പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായാണ് പൊതുജനങ്ങളിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നത്. പരിസ്ഥിതി ആഘാത പഠനം നടത്തിയതുകൊണ്ട് മൈനിംഗ് ലീസ് അനുവദിക്കപ്പെടുന്നില്ല പാരിസ്ഥിതിക, സാമൂഹ്യ പ്രശ്നങ്ങളും പൊതുജനങ്ങളുടെ വികാരവും കണക്കിലെടുത്തു മാത്രമേ ഖനനാനുമതി നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുയുള്ളൂ.

കേരളത്തിലെ ധാതുവിഭവങ്ങൾ

226 (4217) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ധാതുവിഭവങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണ് ഇവ ഉള്ളതെന്നും എത്ര അളവിലാണ് ഓരോന്നും കാണപ്പെടുന്നതെന്നും വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ നിന്നും ഖനനം ചെയ്യപ്പെടുന്ന ധാതുവിഭവങ്ങൾ ഏതെല്ലാം ; പ്രതിവർഷം എത്ര അളവിലാണ് ഇവ ഓരോന്നും ഖനനം ചെയ്യുന്നത് ; ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് ഖനനം ചെയ്യുന്നത് ; പ്രതിവർഷം ധാതുവിഭവങ്ങളുടെ ഖനനത്തിലൂടെ എത്ര തുകയാണ് ലഭിക്കുന്നത്; പ്രസ്തുത വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഖനനങ്ങളിൽ പൊതുമേഖലയിൽ നടത്തുന്നവ ഏതെല്ലാമാണെന്നും സ്വകാര്യമേഖലയിൽ നടത്തുന്നവ ഏതൊക്കെയാണെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ചൈനാക്ലേ, ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കൺ, സില്ലിമനൈറ്റ്, സിലിക്കാസാന്റ്, ലൈം, ഷെൽ, ലൈം സ്റ്റോൺ, ബോക്സൈറ്റ്, ക്വാർട്ട്സ്, ഗ്രാനൈറ്റ്, സ്വർണ്ണം, ഇരുമ്പ് എന്നീ വൻകിട ധാതുക്കളും ചെറുകിടധാതുക്കളായ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഗ്രാനൈറ്റ് ഡയമൻഷൻ സ്റ്റോൺ, ലാറ്ററൈറ്റ്, ലൈം ഷെൽ, ബ്രിക്ക് ക്ലേ, ഓർഡിനറി/ റിവർ സാന്റ് എന്നിവയാണ് പ്രധാനപ്പെട്ട ധാതുനിക്ഷേപങ്ങൾ: മേൽപ്പറഞ്ഞ ധാതുക്കൾ കൂടുതലായി കാണുന്ന സ്ഥലങ്ങൾ, അളവ് (2005-ൽ തിട്ടപ്പെടുത്തിയ മതിപ്പ് കണക്ക്) എന്നിവ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ബി) കേരളത്തിൽനിന്നും ഖനനം ചെയ്യുന്ന ധാതുക്കളുടെ (പ്രതിവർഷ ഉൽപ്പാദനമടക്കം) പട്ടിക അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.* 2013-14 സാമ്പത്തിക വർഷത്തിൽ വൻകിട ധാതു ഖനനത്തിൽനിന്നും 41, 77,93,208 രൂപ ഉൾപ്പടെ 54,17,24,651 രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം മൂന്ന് ആയി ചേർത്തിരിക്കുന്നു.*

(സി) സാധാരണ മണ്ണ്, കളിമണ്ണ്, സാധാരണ മണൽ, ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഗ്രാനൈറ്റ് ഡയമൻഷൻ സ്റ്റോൺ, ഗൃഹനിർമ്മാണത്തിനുള്ള ചെങ്കല്ല്, തുടങ്ങിയ ചെറുകിയ ധാതുക്കളുടെയും സിലിക്കാമണൽ ,ചൈനാക്ലേ, ഗ്രാഫൈറ്റ്, വ്യാവസായികാവശ്യത്തിനുപയോഗിക്കുന്ന ലാറ്ററൈറ്റ്, ക്വാർട്ട്സ്, ലൈം ഷെൽ തുടങ്ങിയ വൻകിട ധാതുക്കളുടെയും ഖനനം പ്രധാനമായും വ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിലാണ് നടക്കുന്നത്. വൻകിട ധാതുവായ കരിമണലിന്റെ ഖനനത്തിന് പൊതുമേഖലാ സ്ഥാപനങ്ങളായി IREL, KMML എന്നിവയ്ക്ക് മാത്രമേ അനുമതി നൽകുന്നുള്ളൂ. വൻകിട ധാതുവായി ചുണ്ണാമ്പുകല്ല് ഖനനത്തിന് മലബാർ സിമന്റ് ലിമിറ്റഡിനും ചൈനാ ക്ലേ ഖനനത്തിന് കേരള ക്ലേയ്സ് & സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡിനും കണ്ടറ സിറാമിക്സിനും ഖനനാനുമതി നൽകിയിട്ടുണ്ട്. ഇവ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിനുള്ള പൊതുമേഖലാ സ്ഥാപനങ്ങളാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly